അനധികൃത ധാതുഖനനവും ധാതുകടത്തും

164(2202) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങൾ പ്രകാരം അനധികൃത ധാതുഖനനം, അനധികൃത ധാതു കടത്ത് എന്നിവയ്ക്ക് നൽകിവരുന്ന ശിക്ഷ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ആയതു നടപ്പിലാക്കാൻ ആർക്കൊക്കെയാണ് അധികാരമെന്ന് പറയാമോ ;

(സി) അനധികൃത ധാതുഖനനം, ധാതുകടത്ത് എന്നിവയുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്രപേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ട് എന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) അനധികൃത ധാതുഖനനത്തിന് 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരമുള്ള പരമാവധി ശിക്ഷ 2 വർഷം തടവോ 5 ലക്ഷം രൂപ പിഴയോ രണ്ടും ചേർന്നതോ ആണ്. കൂടാതെ ഖനനം ചെയ്തെടുത്ത ധാതുവിന്റെ റോയൽറ്റിയും റോയൽറ്റിയുടെ രണ്ടിരട്ടി വിലയും ആയി ഈടാക്കാവുന്നതാണ്. റവന്യൂ പുറമ്പോക്കിൽ അനധികൃത ഖനനം നടത്തുന്ന സംഗതിയിൽ സീനിയറേജും (കോമ്പൻസേഷൻ) ഈടാക്കാവുന്നതാണ്. അനധികൃത ധാതുകടത്തിന് 2015-ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് ആന്റ് ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങൾ പ്രകാരമുള്ള പരമാവധി ശിക്ഷ 2 വർഷം തടവോ 5 ലക്ഷം രൂപ പിഴയോ രണ്ടും ചേർന്നതോ ആണ്.

(ബി) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ ഡയറക്ടർ, അഡീഷണൽ ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, സീനിയർ ജിയോളജിസ്റ്റ്, ജിയോളജിസ്റ്റ്, അസിസ്റ്റന്റ് ജിയോളജിസ്റ്റ്, മിനറൽ റവന്യൂ ഇൻസ്പെക്ടർ എന്നിവർക്കും ജില്ലാ കളക്ടർക്കും അധികാരമുണ്ട്. എന്നാൽ റവന്യൂ വകുപ്പിലെ വില്ലേജ് ഓഫീസർ മുതൽ റവന്യൂ ഡിവിഷണൽ ഓഫീസർ വരെയുള്ള ഉദ്യോഗസ്ഥർക്കും പോലീസ് ഡിപ്പാർട്ട്മെന്റിലെ അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ മുതൽ മേലെയുള്ള തസ്തികയിൽ ജോലി ചെയ്യുന്നവർക്കും അനധികൃത ഖനനവും കടത്തും കണ്ടെത്തി വാഹനങ്ങൾ പിടിച്ചെടുക്കാനും തുടർ നടപടികൾക്കായി ജിയോളജി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് റിപ്പോർട്ട് ചെയ്യാനും അധികാരമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അനധികൃത ഖനനം, ധാതുകടത്ത് എന്നിവയ്ക്ക് പിഴയായി ഈടാക്കാവുന്ന പരമാവധി സംഖ്യ 5 ലക്ഷം രൂപയാണ്. കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഈ പിഴ സംഖ്യ കേരളത്തിലെ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയത്. എന്നിരുന്നാലും കേന്ദ്ര നിയമത്തിലും കേരളത്തിലെ ചട്ടങ്ങളിലും പിഴ സംഖ്യ ഈടാക്കി കുറ്റം രാജിയാക്കാൻ വ്യവസ്ഥയുണ്ട്. ആയതിനാൽ അനധികൃത ധാതുഖനനം, കടത്ത് എന്നിവ കണ്ടെത്തി നടപടി സ്വീകരിക്കുന്ന സംഗതികളിൽ കുറ്റം ചെയ്ത വ്യക്തി, ജിയോളജിസ്റ്റ്/സർക്കാർ നിശ്ചയിക്കുന്ന പിഴ/തുക ഈടാക്കി കുറ്റം രാജിയാക്കാൻ തയ്യാറാകുന്നതിനാൽ കോടതിയിൽ കേസ് ഫയൽ ചെയ്യേണ്ട സാഹചര്യം ഉണ്ടാകുന്നത് വിരളമാണ്. ഈ സർക്കാരിന്റെ കാലയളവിൽ കോടതിയിൽ ഇത്തരത്തിൽ കേസ് ഫയൽ ചെയ്തത് വളരെ കുറവാണ്. ആയതിൽ ശിക്ഷ വിധിക്കപ്പെട്ട കേസുകളും ഇല്ല. ഫയൽ ചെയ്ത കേസുകൾ തീർപ്പാക്കാതിരിക്കുകയാണ്. ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ അനധികൃത ഖനനം/കടത്ത് എന്നിവ കണ്ടെത്തി പിഴ സംഖ്യ ഈടാക്കിയ 19707 കേസുകൾ ഉണ്ട്. ആയത് പ്രകാരം 33,33,12,695 രൂപ ഈടാക്കിയിട്ടുണ്ട്.

മിനറൽ സ്വാഡുകളുടെ എണ്ണം

165(2203) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃത ധാതു ഖനനം, ധാതു കടത്ത് എന്നിവ വർദ്ധിച്ചുവരുന്നതുമൂലം സർക്കാരിന് വൻ റവന്യൂ നഷ്ടം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് കണക്കിലെടുത്ത് ജിയോളജി വകുപ്പിന് കീഴിൽ നിലവിലുള്ള മൂന്ന് മേഖല മിനറൽ സ്വാഡുകളുടെ എണ്ണം ജില്ലയ്ക്ക് ഒന്ന് എന്ന തോതിൽ 14 ആക്കി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനധികൃത ഖനനവും ധാതുകടത്തും പരിശോധിക്കുന്നതിനും തടയുന്നതിനുമായി സംസ്ഥാനത്ത് ജില്ലാ ഓഫീസ് കൂടാതെ 3 സ്വാഡുകൾ നിലവിലുണ്ട്. മിനറൽ സ്വാഡുകളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly